**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 207** **06-10-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം തുറമുഖം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം തുറമുഖത്തിന്റെ ആരംഭത്തോട് കൂടി സംസ്ഥാനത്തിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാരും പദ്ധതിയുടെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡും തമ്മിൽ ഒപ്പ് വച്ച കൺസെഷൻ കരാർ പ്രകാരം തുറമുഖ വരുമാനത്തിന്റെ വിഹിതം 2035 മുതൽ സംസ്ഥാന സർക്കാരിനു ലഭിച്ചു തുടങ്ങുന്നതാണ്. 2035 മുതൽ വരുമാന വിഹിതത്തിന്റെ 1 % സംസ്ഥാനത്തിന് ലഭിച്ചു തുടങ്ങും. ഇത് വർഷാവർഷം 1 % വീതം വർദ്ധിച്ച് പരമാവധി 40% ൽ എത്തുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.<br><br>വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിതെളിക്കും. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു;<br><br>1. വ്യാപാരവും കയറ്റുമതിയും വർദ്ധിപ്പിക്കൽ<br><br>• പ്രതിവർഷം 3 ദശലക്ഷം TEU-കൾ വരെ കൈകാര്യം ചെയ്യാൻ കഴിയുന്നതോടെ വിഴിഞ്ഞം തുറമുഖം കേരളത്തിന്റെ കയറ്റുമതി സാധ്യതകൾ ഗണ്യമായി വർധിപ്പിക്കും. ഇത് കാർഷിക ഉൽപ്പന്ന ങ്ങൾ, സമുദ്രോത്പന്നങ്ങൾ, എന്നിവയുടെ കയറ്റുമതി കൂടുതൽ കാര്യക്ഷമമാക്കുകയും, ആഗോള വിപണിയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്തുകയും ചെയ്യും.<br>• വിദേശ ട്രാൻസ്ഷിപ്മെന്റ് ഹബ്ബുകളിലുള്ള ആശ്രയത്വം കുറയുന്നത് ലോജിസ്റ്റിക്സ് ചെലവുകളും കാലതാമസവും കുറയ്ക്കാൻ സഹായിക്കും. ഇത് കേരളത്തിലെ കയറ്റുമതിക്കാർക്ക് കൂടുതൽ മത്സരക്ഷമത നൽകും. |

2. സമുദ്ര വ്യാപാര-ലോജിസ്റ്റിക്സ് ഹബ്ബായി മാറാനുള്ള സാധ്യത.

- വിഴിഞ്ഞത്തിന് ഒരു കേന്ദ്ര വാണിജ്യ ഇടനാഴിയായി മാറാൻ സാധിക്കുന്നതാണ്. ഇത് തുറമുഖത്തെ കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങൾ, സംഭരണശാലകൾ, ലോജിസ്റ്റിക്സ് പാർക്കുകൾ, അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിൽ വലിയ നിക്ഷേപങ്ങൾ ആകർഷിക്കും.
- ഇതുവഴി തുറമുഖത്തിന് ചുറ്റും വ്യാവസായിക ക്ലസ്റ്ററുകളും നിർമാണ കേന്ദ്രങ്ങളും രൂപപ്പെടുകയും, അത് സാമ്പത്തിക വൈവിധ്യവൽക്കരണത്തിന് ശക്തി പകരുകയും ചെയ്യും.

3. തൊഴിലവസരങ്ങളും നൈപുണ്യ വികസനവും

- തുറമുഖത്തിന്റെ വികസനം, കാർഗോ കൈകാര്യം ചെയ്യൽ, ഷിപ്പിംഗ് സേവനങ്ങൾ, ലോജിസ്റ്റിക്സ്, ഗതാഗതം, തുറമുഖ പരിപാലനം തുടങ്ങിയ മേഖലകളിൽ പ്രത്യക്ഷവും പരോക്ഷവുമായ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കും.
- തുറമുഖവുമായി ബന്ധപ്പെട്ട നൈപുണ്യ വികസന പരിപാടികൾ പ്രാദേശിക തൊഴിലാളികളെ ശാക്തീകരിക്കുകയും, തൊഴിലില്ലായ്മ കുറയ്ക്കുകയും, പ്രത്യേകിച്ച് തീരദേശ സമൂഹങ്ങളിൽ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.

4. പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കും കണക്റ്റിവിറ്റിക്കും ഉത്തേജനം

- വിഴിഞ്ഞം തുറമുഖത്തിന്റെ പൂർണ്ണഘട്ട വികസനം റോഡ്, റെയിൽ, മൾട്ടിമോഡൽ കണക്റ്റിവിറ്റി എന്നിവയിൽ മെച്ചപ്പെടുത്തലുകൾക്ക് വഴിയൊരുക്കും. ഇത് കേരളത്തിന്റെ ഉൾപ്രദേശങ്ങളെ ദേശീയ, അന്തർദേശീയ വിപണികളുമായി കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കും.
- മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ടൂറിസം, റീട്ടെയിൽ, റിയൽ എസ്റ്റേറ്റ് തുടങ്ങിയ അനുബന്ധ മേഖലകളിലെ വളർച്ചയ്ക്ക് ഉത്തേജനം നൽകും.

5. ദീർഘകാല സാമ്പത്തിക വളർച്ച

| | | | |
|---|---|---|---|
| | | | • കേരളം ഒരു പ്രധാന സമുദ്ര വാണിജ്യ കവാടമായി മാറുന്നതോടെ, ആഗോള ഷിപ്പിങ് കമ്പനികളെയും നിക്ഷേപകരെയും ആകർഷിക്കും. ഇത് അന്താരാഷ്ട്ര വിതരണ ശൃംഖലകളിൽ (International supply chains) സംസ്ഥാനത്തിന് നിർണ്ണായകമായ ഒരു സ്ഥാനം നേടിക്കൊടുക്കും. |
| (ബി) | വിഴിഞ്ഞം പദ്ധതിയിൽ തദ്ദേശീയർക്ക് തൊഴിൽ സംവരണം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരള സർക്കാർ, അദാനി തുറമുഖ കമ്പനിയെ ദർഘാസ് നടപടികളിലൂടെ തിരഞ്ഞെടുത്ത് പൊതു - സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന സംരംഭമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. സംസ്ഥാന സർക്കാരും സ്വകാര്യ പങ്കാളിയായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (AVPPL) ആഗസ്റ്റ് 17 നാണ് കൺസഷൻ കരാറിൽ ഏർപ്പെട്ടുന്നത്. ടി കൺസഷൻ കരാറിലെ വ്യവസ്ഥകൾ പ്രകാരം, തുറമുഖത്തെ ജോലികളിൽ തദ്ദേശീയർക്ക് തൊഴിൽ സംവരണം നൽകുന്നതിന് ഭരണഘടനാപരമായ പരിമിതികളുണ്ട്.<br><br>പൂർണ്ണമായും സെമി ആട്ടോമേറ്റഡ് തുറമുഖമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. തുറമുഖ പ്രവർത്തനങ്ങളിൽ വളരെ ചുരുങ്ങിയ മാനുഷിക അധ്വാനം മാത്രമേ ആവശ്യമായി വരുന്നുള്ളൂ. കൂടാതെ, തുറമുഖാധിഷ്ഠിത സാങ്കേതിക പരിജ്ഞാനം ആവശ്യമായ ജോലികളാണവ. എന്നിരുന്നാലും, തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ തദ്ദേശീയരെയും കൺസഷണ യറായ AVPPL പരിഗണിച്ചു വരുന്നു. തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും ടി തൊഴിൽ ലഭ്യത ഉണ്ടാകുന്നതാണ്. തുറമുഖ നിർമ്മാണ പൂർത്തീകരണ ത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന താണ്.<br><br>വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി **ASAP** ന്റെ നൈപുണ്യ പരിശീലന കേന്ദ്രം വിഴിഞ്ഞത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്നവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതാണ്. കൂടാതെ, മറ്റ് തുറമുഖങ്ങളിലും ഇവർക്ക് തൊഴിൽ തേടാവുന്നതാണ്. കൂടാതെ, തുറമുഖാനുബന്ധ വികസനം സാദ്ധ്യമാകുന്നതോടെ വിവിധ വ്യവസായ ശാലകൾ സ്ഥാപിക്കപ്പെടുകയും ഇതിലൂടെ |

| | | | |
|---|---|---|---|
| | | | തൊഴിലന്വേഷ കർക്ക് മുന്നിൽ പുത്തൻ വാതായനങ്ങൾ തുറക്കപ്പെടുകയും ചെയ്യും.<br><br>തിരുവനന്തപുരം ജില്ലയിൽ തുറമുഖാധിഷ്ഠിതവും, തുറമുഖാനുബന്ധവുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പി ക്കുന്നതിനും സംരംഭകരെ ആകർഷിക്കുന്നതിനുമായുള്ള നയപരമായ നടപടികൾ സർക്കാർ തലത്തിൽ മുൻകൈയെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇത് തുറമുഖവുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുവാൻ ഇട നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ